പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3675 — 26.06.2012 -ലെ മറുപടി

കെ. എസ്. ആർ. ടി. സി. യിൽ കൊറിയർ സർവ്വീസ് ആരംഭിക്കുവാൻ നടപടി

| ചോദ്യം<br>ശ്രീമതി. ഗീതാ ഗോപി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യിൽ കൊറിയർ സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | കൊറിയർ & പാഴ്സൽ സർവ്വീസ് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് ലൈസൻസികളെ കണ്ടെത്തുന്നതിനായി 11.10.2007 -ൽ നടത്തിയ യോഗ്യതാ പരിശോധനയിൽ 3 പേർ പങ്കെടുത്തെങ്കിലും ആർക്കും യോഗ്യത നേടാനായില്ല. തുടർന്ന് താൽക്കാലികമായി ഈ പദ്ധതി നടപ്പിലാക്കുന്നത് നിർത്തിവെച്ചിരുന്നു. 12.10.2011 -ന് കൊറിയർ തപാൽ സർവ്വീസ് നടത്തിപ്പിനായി ലേലം/ടെണ്ടർ നടപടി സ്വീകരിച്ചതിൽ ആകെ ഒരു സ്ഥാപനം മാത്രമെ പങ്കെടുക്കുകയുണ്ടായുള്ളൂ. ആ സ്ഥാപനത്തിന് പൂർണ്ണ തോതിൽ പ്രവർത്തിക്കുവാനുള്ള ശേഷി ഇല്ലായെന്നും അവരുടെ വൈഭവം പരിമിതമാണെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കുകയുണ്ടായി. കൊറിയർ സംവിധാനം നടപ്പിലാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ലേലം / ടെണ്ടർ നടപടിയിലൂടെ കരാറുകാരനെ തെരഞ്ഞെടുത്ത് കൊറിയർ സർവ്വീസ് നടപ്പിലാക്കുന്നതിനാണ് പ്രഥമ പരിഗണന. |

സെക്ഷൻ ഓഫീസർ